# 5

# തീരുമാന സമയം

## (1 രാജാക്കന്മാർ 18:1– 40)

ബൈബിളിലെ ഏറ്റവും ആവേശജനകമായ അദ്ധ്യായങ്ങളിലൊന്നാണ് 1 രാജാക്കന്മാർ 18. മനോഹരമായ പ്രസംഗവിഷയങ്ങളായ ''ദൈവങ്ങളുടെ യുദ്ധം,'' ''കർമ്മേൽ പർവ്വതത്തിൽ ഇറങ്ങി വന്ന കാഴ്ച്ച,'' ''തീ കൊണ്ടുത്തരം നൽകുന്ന ദൈവം,'' ''രണ്ട് അഭിപ്രായങ്ങൾക്കിടയിൽ കുടുങ്ങൽ,'' ''തീരുമാന സമയം!''

ഇവയിൽ ഒടുവിൽ പറഞ്ഞതാണ് എനിക്കിഷ്ടം. സംഘട്ടനങ്ങളുടെ ഒരു പരമ്പര തന്നെ ആ അദ്ധ്യായം വെളിപ്പെടുത്തുന്നുണ്ട്. ഒന്നോ ഒന്നിലധികമോ ആയ ആളുകളുമായി ഏലിയാവ് ഏറ്റുമുട്ടുന്നുണ്ട്.

### ദൈവവുമായുള്ള ഏറ്റുമുട്ടൽ
### (18:1, 2)

ആദ്യമായി നാം കാണുന്നത് ദൈവവും ഏലിയാവും തമ്മിലുണ്ടായ ഏറ്റുമുട്ടലാണ്:

> ഏറിയ നാൾ കഴിഞ്ഞിട്ട് മൂന്നാം സംവൽസരത്തിൽ, ഏലിയാവിന്നു യഹോവയുടെ അരുളപ്പാടുണ്ടായി. ''നീ ചെന്നു നിന്നെ തന്നെ ആഹാബിന്നു കാണിക്ക. ഞാൻ ഭൂതലത്തിൽ മഴ പെയ്യിപ്പാൻ പോകുന്നു എന്നു പറഞ്ഞു'' (വാക്യം 1).

''മൂന്നാം സംവൽസരം'' എന്നത് ഒരുപക്ഷെ ഏലിയാവ് സാരെഫാത്തിലെത്തിയ കാലമായിരിക്കാം.[1] വരൾച്ച മൂന്ന–ര വർഷമായിരുന്നു (ലൂക്കൊസ് 4:25; യാക്കൊബ് 5:17), മൂന്നു വർഷത്തിലധികമായി ബാലിന്നു മഴ പെയ്യിക്കുവാൻ കഴിയുകയില്ല എന്നു ആളുകൾക്ക് മനസിലായി. ദൈവ ജനത്തെ ദൈവത്തിലേക്ക് മടക്കി വരുത്തുവാൻ സമയമായെന്ന് അവന് തോന്നി, അങ്ങനെ ഒരിക്കൽ കൂടെ ''യഹോവയുടെ അരുളപ്പാട് ഏലിയാവിനുണ്ടായി.'' തന്റെ പദ്ധതിയിലെ അടുത്ത പടിക്കായി ദൈവം ഒരുങ്ങി കഴിഞ്ഞു.

സാധാരണപോലെ, ദൈവം സംസാരിച്ചപ്പോൾ, ഏലിയാവ് അനുസരിച്ചു: ''അങ്ങനെ ഏലിയാവ് ആഹാബിന്നു തന്നെത്തന്നെ കാണിപ്പാൻ പോയി'' (വാക്യം 2).

### കരുണാധിക്യപ്രകാരമുള്ള
### ഏറ്റുമുട്ടൽ (18:2-16)

ആഹാബും ഏലിയാവും എങ്ങനെ കണ്ടുമുട്ടി എന്ന് ഒരു പാർശ്വകഥ പറയുന്നു (വാക്യങ്ങൾ 2–16). യഹോവ വിശ്വാസിയായിരുന്ന ഓബദ്യാവും ഏലിയാവുമായി കണ്ടുമുട്ടുന്നു.[2]

തന്റെ ആടുകൾക്ക് മേച്ചൽ സ്ഥലം കണ്ടെത്തുവാൻ ആഹാബ് തന്റെ

ഭൃത്യനായിരുന്ന ഓബദ്യാവിനെ അയച്ചു. അത് അന്വേഷിച്ചു പോയ ഓബദ്യാവ് ഏലിയാവിനെ കണ്ടു. ‘‘ഏലിയാവ് ഇവിടെ ഉണ്ടെന്ന്’’ ആഹാബിനെ അറിയിക്കുവാൻ ഏലിയാവ് ആ ഭൃത്യനോട് പറഞ്ഞു (വാക്യം 11). അത് ഓബദ്യാവിനെ ഭയചകിതനാക്കി, കാരണം ഏലിയാവ് എവിടെ നിന്നോ വരികയും പെട്ടെന്നു അപ്രത്യക്ഷനാകുകയുമാണ് പതിവ്. ഈ വാർത്ത ആഹാബിനെ അറിയിച്ച് ആഹാബ് ഇവിടെ വരുമ്പോഴേക്ക് ഏലിയാവ് അപ്രത്യക്ഷനായാൽ ആഹാബ് ഓബദ്യാവിനെ കൊന്നുകളയും എന്നതിനാൽ ഓബദ്യാവ് ഭയപ്പെട്ടു (വാക്യങ്ങൾ 9–12). എങ്ങനെയായാലും, ഏലിയാവ് തറപ്പിച്ചു പറഞ്ഞു, ‘‘ഞാൻ സേവിച്ചുനിൽക്കുന്ന സൈന്യങ്ങളുടെ യഹോവയാണെ, ഞാൻ ഇന്ന് അവന്ന് [ആഹാബിന്ന്] എന്നെത്തന്നെ കാണിക്കും’’ (വാക്യം 15).

## രാജകീയമായ ഏറ്റുമുട്ടൽ
## (18:17-20)

ആ കണ്ടുമുട്ടൽ ഒരു രാജകിയ ഏന്വുമുട്ടലായി: ‘‘അങ്ങനെ ഓബദ്യാവ് ആഹാബിനെ ചെന്നു കണ്ടു വസ്തുത അറിയിച്ചു’’ (വാക്യം 16). മൂന്നു വർഷത്തിനു ശേഷമാണ് ഏലിയാവും ആഹാബും നേരിൽ കാണുന്നത്.

ആ ഏന്വുമുട്ടൽ അഭിനന്ദിക്കുവാൻ വാക്യം 2 ന്റെ അവസാനഭാഗം നോക്കുക: ‘‘ഇപ്പോൾ ശമര്യയിൽ ക്ഷാമം *അതി കഠിനമായി* തീർന്നു’’ (എംഫസിസ് മൈൻ.) ദേശത്ത് കാര്യങ്ങളെല്ലാം കുഴഞ്ഞു മറിഞ്ഞിരിക്കുന്നു. നാശം ഒഴിവാക്കുവാനായി, ദേശത്ത് ശാപം പ്രഖ്യാപിച്ചവനെ കൊല്ലണമെന്നാണ് പണ്ടുള്ളവർ വിശ്വസിച്ചിരുന്നത്. അതുകൊണ്ട്, ആഹാബ് വർഷങ്ങളായി ഏലിയാവിനെ എല്ലായിടത്തും തിരഞ്ഞുകൊണ്ടിരിക്കയായിരുന്നു. ഓബദ്യാവ് ഏലിയാവിനോട് പറഞ്ഞു, ‘‘നിന്നെ അന്വേഷിപ്പാൻ എന്റെ യജമാനൻ ആളെ അയക്കാത്ത ജാതിയും രാജ്യവും ഇല്ല’’ (വാക്യം 10). ഇപ്പോൾ വീണ്ടും ഏലിയാവ് ആഹാബിനു പ്രത്യക്ഷനാകുവാൻ പോകുന്നു.

ആഹാബ് കുതിരപ്പുറത്ത് വരുന്നത് സങ്കൽപിക്കുക. കാന്വിൽപറന്നുകൊണ്ടിരിക്കുന്ന മൂടിയും വസ്ത്രവുമുള്ള അവന്റെ ശത്രു ഏലിയാവ് മുൻപിൽ ധൈര്യസമേതം നിൽക്കുന്നു! ആഹാബ് ഉച്ചത്തിൽ ചോദിക്കുന്നു, ‘‘ആർ ഇത്? യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നവനോ?’’ (വാക്യം 17). മറ്റൊരർത്ഥത്തിൽ, ‘‘ഉണങ്ങിയ പുല്ലും, നിർജീവമായ വൃക്ഷങ്ങളും, ചത്ത മൃഗങ്ങളുടെ അസ്ഥികൂടങ്ങളും, വിശന്നു പൊരിയുന്ന ആളുകളെയും നീ കാണുന്നില്ലേ? അതെല്ലാം നിന്റെ കുന്വമാണ്. *നീയാണ്* ദേശത്തെ കഷ്ടപ്പെടുത്തിയത്.’’ ദേശത്തു വിപത്തുണ്ടാകുവാൻ കാരണം തന്റെ പാപമാണെന്ന് തിരിച്ചറിയാതെ, ആഹാബ് യിസ്രായേലിന്റെ കുഴപ്പങ്ങൾക്ക് ഏലിയാവിനെ കുന്വം ചുമത്തുകയായിരുന്നു.

അതു വർഗലക്ഷണമാണ്, ഏദെൻ തോട്ടം മുതൽ ആളുകൾ കുഴപ്പങ്ങൾക്ക് മന്വുള്ളവരെ പഴിക്കും. ഞാൻ ഒരു സ്ത്രീയുമായി കൗൺസലിങ്ങ് നടത്തിയപ്പോൾ, ഭാര്യയും ഭർത്താവും തമ്മിൽ അഭിപ്രായ പ്രകടനങ്ങൾ മൂത്തപ്പോൾ, ഭർത്താവ് കൈ ചുരുട്ടി ജനലിൽ ഇടിക്കുകയും, അയാളുടെ കൈ മുറിയുകയും ചെയ്തു. എന്നിട്ട് മുറിഞ്ഞ കൈ കാണിച്ച് അയാൾ പറഞ്ഞു, ‘‘*നീ*യാണ് ഇതിനു കാരണം!’’

ഏലിയാവ് ഭീഷണിക്ക് വശപ്പെട്ടില്ല. പകരം അവൻ പഴി എവിടെനിന്നും ആരംഭിച്ചുവോ, അവിടെ വെക്കുകയായിരുന്നു: ‘‘യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നത് ഞാനല്ല, *നീയും* നിന്റെ പിതൃഭവനവുമത്രെ. നിങ്ങൾ യഹോവ

യുടെ കൽപനകൾ ഉപേക്ഷിക്കുകയും, നീ ബാൽ വിഗ്രഹങ്ങളെ ചെന്നു സേവിക്കയും ചെയ്യുന്നതുകൊണ്ടു തന്നെ''[3] (വാക്യം 18; എംഫസിസ് മൈൻ). മറ്റൊരു വാക്കിൽ പറഞ്ഞാൽ, ''നിന്റെ പാപങ്ങളാണ് ഈ വിപത്തുകൾക്ക് കാരണം!''

ഇവിടെ നമുക്ക് പ്രധാനപ്പെട്ട ഒരു പോയിന്റ് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. സമയാസമയങ്ങളിൽ ആളുകൾ, തിരുവെഴുത്തിലില്ലാത്ത പരിശീലനങ്ങൾ സഭയിലേക്കു കൊണ്ടുവരാറുണ്ട്. മറ്റുള്ളവർ അതിനെ എതിർക്കുമ്പോൾ, പുതുമ കൊണ്ടുവരുന്നവർ പറയും, ''നിങ്ങൾ കുഴപ്പമുണ്ടാക്കുന്നവരാണ്!''[4] ഏലിയാവ് പറയും, ''അല്ല! ആത്മിയ യിസ്രായേലിനെ കുഴപ്പിക്കുന്നത് ദൈവത്തിന്റെ വഴികളെ വിട്ടുകളയുന്നവരാണ്!''

ഏലിയാവ് ആഹാബിനോട് പറഞ്ഞു, ''എന്നാൽ ഇപ്പോൾ ആളയച്ച് എല്ലാ യിസ്രായേലിനെയും ബാലിന്റെ നാനൂറ്റമ്പതു പ്രവാചകന്മാരെയും ഈസെബേലിന്റെ മേശയിങ്കൽ ഭക്ഷിച്ചുവരുന്ന നാനൂറു അശേരാ പ്രവാചകന്മാരെയും കർമ്മേൽ പർവ്വതത്തിൽ എന്റെ അടുക്കൽ കൂട്ടിവരുത്തുക'' (വാക്യം 19).

ഗലീലാക്കടലിന്നു പടിഞ്ഞാറ്, മദ്ധ്യധരണ്യാഴി കടൽക്കരയിലാണ് കർമ്മേൽ പർവ്വതം സ്ഥിതി ചെയ്തിരുന്നത്.[5] ആ സ്ഥലം തിരഞ്ഞെടുക്കുവാൻ പല കരണങ്ങൾ ഉണ്ടായിരുന്നേക്കാം. ആ സ്ഥലം വിശുദ്ധ ഭൂമിയായി പലരും കണക്കാക്കിയിരുന്നു. അത് ''ഉയർന്ന സ്ഥലമായിരുന്നു,'' സത്യാരാധനക്കു പകരം വിഗ്രഹാരാധന വരുത്തിയ സ്ഥലമായിരുന്നു.

ദൈവവഴി വിട്ടുപോയവരിൽ എല്ലാവരും ഉൾപ്പെട്ടിരുന്നതുകൊണ്ട് എല്ലാ കുടുംബങ്ങളുടേയും പ്രതിനിധികൾ അവിടെ വരുവാൻ ഏലിയാവ് ആഗ്രഹിച്ചിരുന്നു. പ്രത്യേകിച്ച് കള്ളപ്രവാചകന്മാർ അവിടെ വരുവാൻ അവൻ ആഗ്രഹിച്ചിരുന്നു; ബാലിന്റെ 450 പ്രവാചകന്മാരും, ബാലിന്റെ സ്ത്രീ രൂപങ്ങളുടെ 400 അശേരാ പ്രവാചകന്മാരും. രണ്ടാമത് പറഞ്ഞതിൽ സ്ത്രീരൂപവും പുരുഷരൂപവും ഉൾപ്പെട്ടിരിക്കാം, ആ പ്രവാചകന്മാർ ഭക്ഷിച്ചിരുന്നത് ''ഈസെബേലിന്റെ മേശയിൽനിന്നായിരുന്നു.'' അവർ അവളുടെ പ്രത്യേക സംരക്ഷണയിലായിരുന്നു.

''അങ്ങനെ ആഹാബ് എല്ലാ യിസ്രായേൽ മക്കളുടേയും അടുക്കൽ ആളയച്ചു കർമ്മേൽ പർവ്വതത്തിൽ ആ പ്രവാചകന്മാരെ കൂട്ടിവരുത്തി'' (വാക്യം 20). ഇവിടെ പറയുന്ന ''പ്രവാചകന്മാർ'' ബാലിന്റെ 450 പ്രവാചകന്മാരാണ് (വാക്യം 22). 400 അശേരാ പ്രവാചകന്മാർ ആ കാഴ്ച്ചക്ക് വന്നിരുന്നില്ല. ഈസെബേൽ, അവരെ അയക്കാതിരുന്നതാകാം കാരണം; അവരിൽ ആഹാബിനു നിയന്ത്രണം ഇല്ലാതിരുന്നേക്കാം.

എന്തിനാണ് ഏലിയാവ് പറഞ്ഞതുപോലെ ആഹാബ് ചെയ്തത്? പല കാരണങ്ങൾ കൊണ്ടായിരിക്കാം ചെയ്തത്. ആ വരൾച്ച ഒന്നു മാറിക്കിട്ടുവാൻ ഒരുപക്ഷെ അവൻ എന്തും ചെയ്യാവുന്ന മാനസികാവസ്ഥയിലായിരുന്നേക്കാം. അല്ലെങ്കിൽ, തനിക്കു ചെയ്യുവാൻ കഴിയാത്തത് എന്തെങ്കിലും ആ 450 പ്രവാചകന്മാർക്ക് കഴിഞ്ഞാലോ എന്ന തോന്നലാകാം: ഏലിയാവിനെ നശിപ്പിക്കുക. ഒരുപക്ഷെ അത് പ്രവാചകന്റെ സ്വാധീനശക്തിയാലായിരിക്കാം.

## വ്യക്തിപരമായ ഏറ്റുമുട്ടൽ
## (18:21-24)

വാക്യം 21-ൽ പറയുന്ന കർമ്മേൽ പർവ്വതത്തിന്റെ വേദിയിലേക്കു നമുക്ക്

നോക്കാം.

ഒരുവശത്ത് ബാലിന്റെ 450 പ്രവാചകന്മാരും അവരുടെ കൂട്ടാളികളും, ''450'' എന്നു പറയുമ്പോൾ അത്ര ശക്തമായ സംഘമായി തോന്നുകയില്ല, എന്നാൽ അതിനെ നിങ്ങളുടെ ഇടവകയുമായി താരതമ്യം ചെയ്യുക.[6] അത് സാമാന്യം നല്ലൊരു കൂട്ടം തന്നെയാണ്! ഇനി ആ മാംസള-ശരീരവും, നീണ്ടമുടിയും, സ്വർണ്ണ-ഖചിതവും, രക്താംബര ധാരികളുമായ ആ 450 പ്രവാചകന്മാരെ മനസിൽ കൊണ്ടുവരിക. ഓരോ നെഞ്ചിലും സൂര്യപ്രകാശത്താൽ മിന്നുന്ന ലോഹ തകിടുമുണ്ടാകും, അവരുടെ വിശ്വാസപ്രകാരം അത് ബാലിന്റെ സിംഹാസനമാണ്. രാജാവ് തന്റെ സന്നാഹങ്ങളുമായി അടുത്തുണ്ട്.

അത് *ആയുധ* ധാരികളുടെ പാളയമായിരുന്നു എന്നതു ശ്രദ്ധിക്കുക. പകൽ അവസാനിക്കുന്നതുവരെ ബാലിന്റെ പ്രവാചകന്മാർ വാൾകൊണ്ടും കുന്തം കൊണ്ടും മുറിവേൽപിച്ചിരുന്നു (വാക്യം 28).

ആയിരക്കണക്കിനു യിസ്രായേല്യർ നോക്കിക്കൊണ്ടിരുന്നു: ആളുകൾക്ക് പ്രാധാന്യമുള്ള കാഴ്ച്ച, പ്രമാണിമാരും മന്നു പലരും ആ കൂട്ടത്തിലുണ്ടായിരുന്നു. (ആ പാരമ്പര്യ സ്ഥാനത്ത്, ആയിരക്കണക്കിനു ആളുകൾക്ക് സംഭവിക്കുന്നതു കാണത്തക്കവണ്ണം സ്ഥലമുണ്ടായിരുന്നു). അത് വിശപ്പോടെ-നോക്കിയിരുന്ന സംഘമായിരുന്നു. പലരും, തീർച്ചയായും, മൂന്നു വർഷത്തിലധികമായി വരൾച്ചയുടെ കെടുതി അനുഭവിച്ചിരുന്നു എന്നത് തീർച്ചയാണ്.

മറുവശത്ത്, ഏകനായി, പരുപരുത്ത വേഷധാരിയായ ഏലിയാവ് എന്ന ദൈവ പുരുഷൻ. എങ്ങനെയായാലും, ഏലിയാവിനെ കുറിച്ച് വിചാരപ്പെടരുത്. കാരണം, അവൻ യിസ്രായേലിലെ *ദൈവ* പുരുഷനായിരുന്നു, അവന്റെ *ദൈവ*ത്തിന്റെ ദൗത്യത്തിനായി, നിയോഗിക്കപ്പെട്ടവനായിരുന്നു. അസാധാരണത്വം, 450 ഉം 1 ഉം, അല്ലെങ്കിൽ 1000 വും 1 ഉം ആയിരുന്നില്ല. മറിച്ച്, അസാധാരണത്വം, 1000 വും 1 ഉം *കൂടാതെ ദൈവവും* ആയിരുന്നു. ''*ദൈവം* നമുക്ക് അനുകൂലമെങ്കിൽ, പ്രതികൂലം ആർ?'' (റോമർ 8:31; എംഫസിസ് മൈൻ).

ഏലിയാവായിരുന്നു നിയന്ത്രിച്ചിരുന്നത്. ഈ അദ്ധ്യായത്തിൽ ഏലിയാവ് പല പ്രാവശ്യം സംസാരിക്കുന്നുണ്ട്. അവൻ സംസാരിച്ചപ്പോഴെല്ലാം, അധികാരത്തോടുകൂടിയും, ചിലപ്പോൾ കൽപ്പിക്കുന്നതും ആയിരുന്നു. ''ഞാൻ ഇവിടെ ഉണ്ടെന്ന്'' ആഹാബിനോട് ചെന്നു പറക എന്ന് അവൻ ഓബദ്യാവിനോട് കൽപിച്ചു. ''എല്ലാവരേയും കർമ്മേൽ പർവ്വതത്തിൽ കൂട്ടി വരുത്തുക'' എന്ന് അവൻ ആഹാബിനോട് കൽപിച്ചു. പിന്നീട് അവൻ ബാലിന്റെ പ്രവാചകന്മാരോട് കൽപിച്ചു, ''യാഗപീഠത്തിന്മേൽ കാളയെ കിടത്തുക.'' അവൻ ആളുകളോടും പിന്നെ രാജാവിനോടും കൽപിച്ചു. ഏലിയാവായിരുന്നു നിയന്ത്രിച്ചിരുന്നത്.

ഈ സംഭവത്തിൽനിന്നു മനസിനെ മാന്തി, നിങ്ങൾ സ്കൂളിലോ, ജോലിസ്ഥലത്തോ, വീട്ടിലോ ദൈവത്തിനു വേണ്ടി തനിച്ചു നിൽക്കുന്ന ഒരവസ്ഥ ചിന്തിച്ചുനോക്കുക. നിങ്ങൾ ദൈവത്തിന്റെ ഉദ്ദേശത്തിലും പദ്ധതിയിലും ആണെങ്കിൽ, നിങ്ങൾക്ക് സാഹചര്യത്തെ നിയന്ത്രിക്കുവാനായി കഴിയും.

ഏലിയാവ് വ്യക്തിപരമായി യിസ്രായേൽ ജനവുമായി ഏന്നുമുട്ടുന്നത് നിങ്ങളുടെ മനസിലേക്ക് കൊണ്ടുവരിക. കർമ്മേൽ പർവ്വതത്തിൽ വെച്ച് ഏലിയാവ് സംസാരിക്കുവാൻ തുടങ്ങിയപ്പോൾ, അവൻ രാജാവിനോടോ, പ്രവാചകന്മാരോടോ അല്ല, ജനങ്ങളോടാണ് സംസാരിച്ചത്. ബാലിന്റെ പ്രവാചകന്മാർ പ്രത്യാശയില്ലാത്തവരായിരുന്നു; അവരെ പരിവർത്തനം ചെയ്യുവാൻ

ഏലിയാവ് ഒരു ശ്രമവും നടത്തിയില്ല. അവസാനം അവൻ രാജാവിനെ സ്വാധീനിക്കുവാൻ ശ്രമിച്ചു, പക്ഷെ അവൻ ആദ്യം ആഹാബിനോട് സംസാരിച്ചില്ല. ആ സമയത്ത് അവന്റെ വിചാരം മുഴുൻ ദൈവജനത്തെ കുറിച്ചായിരുന്നു – ചഞ്ചലപ്പെട്ട് വിട്ടുവീഴ്ച്ച ചെയ്തുകൊണ്ടിരുന്ന ജനത്തെ കുറിച്ചായിരുന്നു.

ഏലിയാവ് അവരോട് പറഞ്ഞു, ''നിങ്ങൾ എത്രത്തോളം രണ്ടു – തോണിയിൽ കാൽ വെക്കും? യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ. ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ'' (വാക്യം 21). ''വെക്കുക'' എന്നതിന് എബ്രായ വാക്ക് തർജിമ ചെയ്തിരിക്കുന്നത് മുടന്തുക എന്ന അർത്ഥത്തിലാണ്. ആർഎസ്വിയിൽ ''നിങ്ങൾ എത്രത്തോളം രണ്ട് വ്യത്യസ്തമായ അഭിപ്രായങ്ങൾക്കിടയിൽ *ഞെരുങ്ങി*ക്കിടക്കും?'' എന്നാണ്. പിറവിയിലേ മുടന്തനായ ഒരാളെയോ, അപകടത്താൽ മുടന്തനായ ഒരാളെയോ സങ്കൽപിക്കുക. അയാളുടെ ഒരു കാലിന് നീളം കുറവും മറ്റേതിനു നീളം കൂടിയുമിരിക്കും. അവിടെ ഒരു കാൽ യഹോവയെ ആരാധിക്കുന്നതും മറ്റേ കാൽ ബാലിനെ ആരാധിക്കുന്നതുമാണ് ചിത്രീകരിച്ചിരിക്കുന്നത്; അവ യോജിപ്പുള്ളതല്ല! ഏലിയാവ് പറയുന്നു, ''നിങ്ങളുടെ മനസ് ഏതു തിരഞ്ഞെടുക്കുമെന്ന് ഉറപ്പിക്കുക. തിരഞ്ഞെടുക്കുവാനുള്ള സമയമാണ് ഇപ്പോൾ! നിങ്ങൾ ഏതു വഴിക്കു പോകുമെന്ന് നിങ്ങൾ തന്നെ തിരഞ്ഞെടുക്കുക!''

നമ്മുടെ ഈ കാലയളവിലും മതപരമായി ചാഞ്ഞിരിക്കുന്ന സമ്പ്രദായം പ്രചാരമുള്ളതാണ് – കുറച്ചു ക്രിസ്ത്യാനിത്വവും, കുറച്ച്, ഭൂരിഭാഗമതവും, നവീകരണമതവും, അധികം നിഗൂഢാത്മകത്വവും. അവർ പറയുന്ന ''മതേതരത്വം'' പലരേയും ആകർഷിക്കും. ''എങ്ങനെയായാലും, ദൈവം മിശ്രമതത്തെ സ്വീകരിക്കയില്ല.''[7] യിസ്രായേൽ ജനം യഹോവയെ ആരാധിക്കുന്നതും ബാലിനെ ആരാധിക്കുന്നതും കൂട്ടിച്ചേർത്തു, അതിനാൽ ദൈവത്തിന്റെ വക്താവ് പറയുന്നു, ''അതു സാധ്യമല്ല! നിങ്ങൾക്ക് ഏതെങ്കിലും ഒന്നു മാത്രമെ ആകാവു! അതിൽ ഏതാണ് വേണ്ടത് എന്നു നിങ്ങൾ തന്നെ സ്വീകരിക്കുക!''

ആ ജ്വലിക്കുന്ന വെല്ലുവിളിയോട് ജനക്കൂട്ടത്തിന്റെ പ്രതികരണമെന്തായിരുന്നു? ''എന്നാൽ ജനം അവനോട് ഉത്തരം ഒന്നും പറഞ്ഞില്ല'' (വാക്യം 21). കൂടിവന്നിരുന്ന *പലരും* ഏലിയാവ് ശരിയാണെന്നും, യഹോവ ബാലിനെ ആരാധിക്കുന്നതും, എല്ലാ വിഗ്രഹാരാധനയെയും ഖണ്ഡിച്ചിരിക്കുന്നു എന്നും, അറിയേണ്ടിയിരുന്നു. ന്യായീകരിപ്പാൻ തങ്ങൾക്ക് ഒന്നുമില്ലാ എന്ന് അവർക്ക് അറിയാമായിരുന്നു. നേരെ മറിച്ച്, അവർ യഹോവക്ക് സമർപ്പിച്ച് അതിന്റെ അനന്തരഫലം അനുഭവിപ്പാനും തയ്യാറായിരുന്നില്ല. അവർക്ക് എണ്ണാമായിരുന്നു. ഒരുവശത്ത് ഒരാളും; മറുവശത്ത് ബാലിന്റെ 450 പ്രവാചകന്മാരും, കൂടാതെ രാജാവും അവന്റെ എല്ലാ സൈന്യങ്ങളും. അതുകൊണ്ട് അവർ ഒന്നും പറഞ്ഞില്ല.

അത്തരം സാഹചര്യം ഞാൻ കണ്ടിട്ടുണ്ട്. ഒരുപക്ഷെ നിങ്ങളും കണ്ടിരിക്കാം. നിങ്ങൾ ആരെങ്കിലുമായി ബൈബിൾ പഠനം നടത്തുമ്പോൾ, ആദ്യം അയാൾ ദൈവവചനം ചർച്ച ചെയ്തേക്കാം, ചിലപ്പോൾ തർക്കിക്കുകയും ചെയ്തേക്കാം. ക്രമേണ, എന്തു ചെയ്യണമെന്ന് *അറിവ്* അയാൾക്കുണ്ടാകുമ്പോൾ, എന്തെങ്കിലും തടസം പറഞ്ഞാൽ നിങ്ങൾ അതിനു തിരുവെഴുത്തിൽനിന്നു മറുപടി കൊടുക്കുമെന്ന് അയാൾക്ക് *അറിയാം*. എങ്ങനെയായാലും, സമർപ്പണത്തിന് അയാൾ ഒരുക്കവുമല്ല, അങ്ങനെയാകുമ്പോൾ, ചോദ്യത്തിനു ഉത്തരം നൽകുകയില്ല – നിങ്ങൾക്കുള്ളിൽ അപ്പോൾ ഭാരം ഏറും. യിസ്രായേല്യർ

അങ്ങനെയായിരുന്നു. ''ജനം ഉത്തരം ഒന്നും പറഞ്ഞില്ല.''

എങ്കിലും, ഏലിയാവ് നമ്മിൽ എല്ലാവരേക്കാളും മികച്ചവനായിരുന്നു. അവന്റെ ഉള്ളിൽ ഒരു പദ്ധതിയുണ്ടായിരുന്നു:

> ''യഹോവയുടെ പ്രവാചകന്മാരിൽ ഞാൻ ഒരുത്തൻ മാത്രമേ ശേഷിച്ചിരിക്കുന്നുള്ളു. ബാലിന്റെ പ്രവാചകന്മാരോ നാനൂറ്റമ്പതു പേരുണ്ട്. ഞങ്ങൾക്ക് രണ്ടു കാളയെ തരട്ടെ; ഒരു കാളയെ അവർ തിരഞ്ഞെടുത്തു തീയിടാതെ വിറകിന്മേൽ വെക്കട്ടെ. മറ്റെ കാളയെ ഞാനും ഒരുക്കി തീയിടാതെ വിറകിന്മേൽ വെക്കാം. നിങ്ങൾ നിങ്ങളുടെ ദേവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ഞാൻ യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിക്കാം; തീ കൊണ്ട് ഉത്തരമരുളുന്ന ദൈവം തന്നെ ദൈവം എന്നിരിക്കട്ടെ'' (വാക്യങ്ങൾ 22-24).

അപ്പോഴും ഏലിയാവ് സംസാരിച്ചത് ബാലിന്റെ പ്രവാചകന്മാരോടല്ല, ജനത്തോടായിരുന്നു. മഴ വീണ്ടും പെയ്യിക്കുന്നതിനാണ് ഏലിയാവിനെ ദൈവം അയച്ചത് (വാക്യം 1), എന്നാൽ ദേശത്ത് മാനസാന്തരലക്ഷണം കാണുന്നതുവരെ അതു നടന്നില്ല. അതുകൊണ്ട് ഏലിയാവ്, ഒരു പ്രമേയം അവതരിപ്പിച്ചു.

''യഹോവയുടെ പ്രവാചകനായി ഞാൻ മാത്രം ശേഷിച്ചിരിക്കുന്നു'' എന്നു പറഞ്ഞാണ് അവൻ ആരംഭിക്കുന്നത്. നൂറ് പ്രവാചകന്മാർ ഗുഹയിൽ ഒളിച്ചിരിക്കുകയായിരുന്നു (വാക്യം 13), എന്നാൽ ഏലിയാവ് മാത്രമായിരുന്നു ആ സമയത്ത് യഹോവയുടെ *പ്രവൃത്തി* ചെയ്തുകൊണ്ടിരുന്നത്. അവൻ തന്റെ പ്രമേയം അവതരിപ്പിക്കുവാൻ തുടങ്ങി: ''ബാലിന്റെ പ്രവാചകന്മാർ രണ്ട് കാളകളെ തരട്ടെ'' അവർ രാജാവിന്റെ സംരക്ഷണയിലായിരുന്നതുകൊണ്ട്, അവർക്ക് എളുപ്പത്തിൽ പോയി അടുത്തുള്ള മേച്ചൽ സ്ഥലത്തുനിന്നു രണ്ടു കാളകളെ കൊണ്ടുവരാം. ബാലിന്റെ ചിഹ്നങ്ങളിൽ ഒന്നായിരുന്നു കാള. ''പിന്നെ അവർ ആദ്യം ഒന്നിനെ തിരഞ്ഞെടുക്കട്ടെ,'' ഏലിയാവ് തുടർന്നു. പുറമെ ആ വെല്ലുവിളിയിലെ എല്ലാ നേട്ടവും ബാലിനായിരുന്നു. ''പിന്നെ അവർ തങ്ങളുടെ കാളയെ ഖണ്ഡം ഖണ്ഡമായി തീയിടാതെ വിറകിന്മേൽ വെക്കട്ടെ, ഞാനും എന്റെ കാളയെ അങ്ങനെ ചെയ്യാം'' എന്ന് ഏലിയാവ് പറഞ്ഞു. സാധാരണ, യാഗവസ്തു വെച്ചിട്ട് വിറകിനടിയിൽ തീ കൊളുത്തുകയായിരുന്നു. പിന്നെ ഏലിയാവിന്റെ ഉറപ്പിക്കൽ വന്നു: ''നിങ്ങൾ നിങ്ങളുടെ ദേവന്മാരുടെ നാമം വിളിച്ചപേക്ഷിപ്പിൻ, ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കാം, തീകൊണ്ട് ഉത്തരം അരുളുന്ന ദൈവം തന്നെ ദൈവം.''

ഏലിയാവിന്റെ ആദ്യത്തെ വെല്ലുവിളി - വർഷങ്ങളോളം മഴ പെയ്യുകയില്ല - എന്നതു ബാലിനോടായിരുന്നു, ഇതും അതെ. ബാൽ *പ്രകൃതിയുടെ* ദേവനായിട്ടാണ് അവർ കരുതിയിരുന്നത്. ഇടി മുഴങ്ങിയപ്പോൾ ബാൽ സംസാരിക്കുന്നു എന്നാണ് അവർ വിചാരിച്ചത്. കൂടാതെ സൂര്യനാണ് ബാലിന്റെ സിംഹാസനം എന്നാണ് ബാലിനെ ആരാധിച്ചിരുന്നവർ വിശ്വസിച്ചിരുന്നത്. അവർ സൂര്യനെ കാണുമ്പോൾ, ബാലിന്നു പുകഴ്ച്ച അർപ്പിക്കുമായിരുന്നു. ബാൽ വാസ്തവത്തിൽ പ്രകൃതിയുടെ ദേവനാണെങ്കിൽ തീ ഇറക്കുന്നത് ഒരു കുട്ടിയുടെ കളി പോലെ മാത്രമെ ആകുന്നുള്ളു.

യിസ്രായേലിന്റെ ഭാവന പിടിച്ചുപറ്റുന്നതായിരുന്നു ഏലിയാവിന്റെ വെല്ലുവിളി. മോശെ സമാഗമനകൂടാരം ഏർപ്പെടുത്തിയപ്പോൾ യഹോവ

സ്വർഗത്തിൽനിന്നു തീ ഇറക്കിയത് അവർ ഓർമ്മിച്ചിരിക്കാം (ലേവ്യാപുസ്തകം 9:24), ശലോമോൻ ആലയം പ്രതിഷ്ഠിച്ചപ്പോഴും അങ്ങനെ സംഭവിച്ചു (2 ദിനവൃത്താന്തം 7:1). അത് ''ദൈവങ്ങളുടെ യുദ്ധമായിരുന്നു!'' അതിന്നു ''ജനമെല്ലാം നല്ല വാക്ക് എന്നുത്തരം പറഞ്ഞു''[8] (വാക്യം 24).

### വേദശാസ്ത്രപരമായ ഏറ്റുമുട്ടൽ
### (18:25-29)

ആദ്യമായി, ഏലിയാവ് ബാലിന്റെ പ്രവാചകന്മാരോട് സംസാരിച്ചു: ''നിങ്ങൾ ഒരു കാളയെ തിരഞ്ഞെടുത്ത് ആദ്യം ഒരുക്കിക്കൊൾവിൻ. നിങ്ങൾ അധികം പേരുണ്ടല്ലൊ. എന്നിട്ടു തീ ഇടാതെ നിങ്ങളുടെ ദേവന്മാരുടെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ'' (വാക്യം 25).

ഏലിയാവ് ആദ്യം ജനത്തോട് സംസാരിക്കുവാൻ കാരണം അവൻ അവരെ കുറിച്ചാണ് ഏറ്റവും വിചാരപ്പെട്ടത്; കൂടാതെ അങ്ങനെ ചെയ്തതിനാൽ, അവൻ ബാലിന്റെ പ്രവാചകന്മാരെ കൊളുത്തിയിടുകയും ചെയ്തു. ആശയം നല്ലതാണോ, അതു ചെയ്യുവാൻ ഇഷ്ടമാണോ എന്നൊന്നും ഏലിയാവ് ചോദിച്ചില്ല. അവർ ഒന്നുകിൽ ചെയ്യുക അല്ലെങ്കിൽ ആളുകളുടെ മുൻപിൽ പരാജയം സമ്മതിക്കുക. ഇതായിരുന്നു മുമ്പിലുണ്ടായിരുന്നത്. ഏലിയാവ് അവരോട് *പറഞ്ഞു*.

ഇപ്പോൾ നാം, വ്യർത്ഥമതത്തിന്റെ ദുഃഖപര്യവസാനത്തിന്റെ അമർഷമാണ് കാണുവാൻ പോകുന്നത്.

മനുഷ്യരായതുകൊണ്ട്, വീര്യവും ഓജസുമുള്ള ആത്മിയ കാഴ്ച്ചകൾ നമുക്ക് ഇമ്പമുള്ളതായി തോന്നും. നാം പറയും, ''തീർച്ചയായും, ആ കൂട്ടർ അല്ലെങ്കിൽ ഈ കൂട്ടർ ശരിയായിരിക്കും. അവർ *ചെയ്യുന്നതെല്ലാം* നോക്കുക. അവർ എത്ര വലിയ കൂട്ടമാണെന്ന് നോക്കുക. അവർ പ്രവർത്തനനിരതരാണ്!'' ബാലിന്റെ പ്രവാചകന്മാർ അഞ്ചു, ആറ്, ഏഴു മണിക്കുറുകൾ ചെയ്യുന്നതു കാണാതെ, നിങ്ങൾക്ക് അവരുടെ പ്രവർത്തികളെ കുറിച്ച് അറിയുവാൻ സാധ്യമല്ല!

> അങ്ങനെ അവർക്ക് കൊടുത്ത കാളയെ അവർ ഒരുക്കി, ബാലേ, ഉത്തരമരുളേണമേ എന്ന് രാവിലെ തുടങ്ങി ഉച്ചവരെ ബാലിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചു. ''ഒരു ശബ്ദമോ ഉത്തരമോ ഉണ്ടായില്ല.'' തങ്ങൾ ഉണ്ടാക്കിയ യാഗപീഠത്തിനു ചുററും അവർ തുള്ളിച്ചാടിക്കൊണ്ടിരുന്നു (വാക്യം 26).[9]

ബാലിന്റെ പ്രവാചകന്മാർ കൃത്യമായി ചെയ്തതെല്ലാം ലൗകിക രേഖകളെ[10] പുനക്രമീകരിച്ചാൽ നമുക്ക് കിട്ടും. ''ബാലേ, ഉത്തരമരുളേണമേ'' എന്നു ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടാണ് തുടങ്ങിയത്, പിന്നെ ഉണർത്തുന്ന വിധത്തിൽ നൃത്തം വെക്കുവാൻ തുടങ്ങി. അതിനുശേഷം ആടിത്തകർക്കുവാനാരംഭിച്ചു. യാഗപീഠത്തിനു ചുററും അവർ ആടി അങ്ങോട്ടുമിങ്ങോട്ടും നൃത്തം വെച്ച് അത്യുച്ചത്തിൽ നിലവിളിക്കുവാൻ തുടങ്ങി. അവരുടെ തലകൾ താഴ്ന്നു, വെട്ടാതിരുന്ന മുടികൾ താഴെയിഴഞ്ഞുകൊണ്ടിരുന്നു. അവർ ഉച്ചത്തിൽ വിളിച്ച് വിളിച്ച് ഉന്മത്തരായി തീർന്നു. ''ബാലേ, ഞങ്ങളെ സഹായിക്കേണമേ!'' അത് രാവിലെ മുതൽ ഉച്ചവരെ തുടർന്നുകൊണ്ടേയിരുന്നു.

ആ സമയത്ത് ആ ഭ്രാന്തമായ അവസ്ഥ ആളുകളിലേക്ക് പടർന്നു അവരും

ആ നിലവിളിയിൽ പങ്കു ചേർന്നു. എങ്ങനെയായാലും, ഏലിയാവ് അതിനെ നിർത്തി: ‘‘ഉച്ചയായപ്പോൾ ഏലിയാവ് അവരെ പരിഹസിച്ചു. ഉറക്കെ വിളിപ്പിൻ, അവൻ ദേവനല്ലൊ. അവൻ ധ്യാനിക്കയാകുന്നു; അല്ലെങ്കിൽ വെളിക്കു പോയിരിക്കയാകുന്നു, അല്ലെങ്കിൽ യാത്രയിലാകുന്നു, അല്ലെങ്കിൽ പക്ഷെ ഉറങ്ങുകയാകുന്നു. അവനെ ഉണർത്തേണം’’ (വാക്യം 27).

അത് ഒരു രസകരമായ വാക്യമാണ്: ചിരിപ്പിക്കുന്ന ചില കാര്യങ്ങളാണ് ഏലിയാവ് പറഞ്ഞത്. എങ്ങനെയായാലും, അത് പറയുവാൻ അവന് അവകാശമുണ്ടായിരുന്നു. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ വിചാരിച്ചിരുന്നത് അവരുടെ ദേവന്മാർ മനുഷ്യരുടെ വലിയ പതിപ്പുകളാണെന്നായിരുന്നു, അതായത് മനുഷ്യരുടെ വികാരങ്ങളും ഗുണങ്ങളുമുള്ളവർ. മനുഷ്യരുടെ വിശപ്പും ദാഹവും ശാരീരിക പ്രവൃത്തികളും അവർക്കുണ്ടെന്നായിരുന്നു അവർ കരുതിയിരുന്നത്.

ആ രസകരമായ കാര്യങ്ങൾ ഏലിയാവ് പറഞ്ഞതിന് ഗൗരവമായ ഉദ്ദേശമുണ്ടായിരുന്നു. തെറ്റായ മതഭ്രാന്ത് പിടിച്ച് ചൂടായിരുന്ന ജനത്തിന്റെ തലയിലേക്ക് അവൻ തണുത്ത വെള്ളം ഒഴിച്ച് തണുപ്പിക്കുകയായിരുന്നു. ഫലത്തിൽ അവൻ ചോദിച്ചത്, ‘‘ഇതു വിഡ്ഢിത്തമല്ലേ?’’

അവൻ പരിഹസിച്ചു, ‘‘ഉറക്കെ നിലവിളിക്ക! നിങ്ങൾ ശരിയാണെങ്കിൽ, ബാൽ ദൈവമാണെങ്കിൽ, പ്രശ്നം അവന്റേതായിരിക്കുകയില്ല; പ്രശ്നം നിങ്ങളുടേതായിരിക്കും. അതുകൊണ്ട് ഉറച്ച് നിലവിളിച്ച്, അവന്റെ ശ്രദ്ധ ആകർഷിക്കണം!’’

‘‘ഒരുപക്ഷെ, അവൻ ‘ജോലിയിലായിരിക്കും.’ ’’ നിങ്ങൾ ‘‘*തിരക്ക്*’’ എന്ന വാക്ക് ഉപയോഗിക്കുകയാണെങ്കിൽ ആശയം പിടികിട്ടും. ഒരാൾ ടിവിയിൽ ഫുട്ബാൾ കളി കണ്ടുകൊ ണ്ടിരിക്കുമ്പോൾ അയാളുടെ ഭാര്യ ശ്രദ്ധയാകർഷിക്കുവാൻ ശ്രമിക്കുന്നത് മനസിൽ കൊണ്ടുവരിക. ഒരുപക്ഷെ ‘‘ബാൽ അമാനുഷികമായ കളി കണ്ടുകൊണ്ടിരിക്കയാവും.’’

‘‘ഒരുപക്ഷെ അവൻ വെളിയിൽ പോയിരിക്കുകയാവാം.’’ ‘‘വെളിക്കു പോകുക’’ എന്ന എബ്രായ തർജിമ ബൈബിൾകാലത്ത് ‘‘ബാത്ത്റൂമിൽ പോകുന്നതിനെ’’ ആണ് സൂചിപ്പിക്കുന്നത്; ഏലിയാവ് അതാണ് അർത്ഥമാക്കിയത് എന്നാണ് പ്രാരംഭ വ്യാഖ്യാതാക്കൾക്ക് ബോധ്യമായത്. എങ്ങനെയായാലും, അതിന് ഒരാൾ ആഹാര കാര്യങ്ങൾക്കായി പോകുക എന്നും അർത്ഥമുണ്ട്. സചേതനമായി, നമുക്ക് ഏലിയാവ് പറഞ്ഞതിനെ ‘‘ഒരുപക്ഷെ ബാൽ ആഹാരത്തിനായി സംരക്ഷണമേഖലയിൽ പോയതാകാം’’ എന്നു വിവക്ഷിക്കാം.

‘‘ഒരുപക്ഷെ അവൻ യാത്രക്ക് പോയതാകാം.’’ ‘‘ഒരുപക്ഷെ ശൈത്യം ഒഴിവാക്കുവാൻ അവൻ ഉഷ്ണമേഖലയിലേക്ക് പോയതാകാം.’’ ‘‘ഒരുപക്ഷെ അവൻ ഉറങ്ങുകയാവും, ഉണർത്തേണ്ട ആവശ്യമുണ്ട്.’’ അവൻ കൂടുതൽ ഉറക്ക ഗുളിക കഴിച്ചിരിക്കയാവും!

ഏലിയാവിന്റെ പരിഹാസത്തിന് രണ്ടു ഫലങ്ങളുണ്ടായി: ഒച്ചപ്പാടുണ്ടാക്കിയ യിസ്രായേൽജനത്തിന്റെ ശ്രദ്ധയാകർഷിക്കപ്പെട്ടു, ബാലിന്റെ പ്രവാചകന്മാരെ കോപാകുലരാക്കുകയും ചെയ്തു!

> അവർ ഉറക്കെ നിലവിളിച്ചു പതിവുപോലെ രക്തം ഒഴുകുവോളം വാൾകൊണ്ടും കുന്തം കൊണ്ടും തങ്ങളെത്തന്നെ മുറിവേൽപിച്ചു. ഉച്ചകഴിഞ്ഞ് ഭോജനയാഗം കഴിക്കുന്ന സമയം വരെ അവർ വെളിച്ചപ്പെ

ട്ടുകൊണ്ടിരുന്നു (വാക്യങ്ങൾ 28, 29).

ബാലിന്റെ കള്ളപ്രവാചകന്മാർ ബാൽ ചടങ്ങിന്റെ രണ്ടാമത്തെ ഘട്ടം കഴിഞ്ഞ് മൂന്നാമത്തേതിലേക്ക് കടന്നിരുന്നു. അവരുടെ നിലവിളി ഭൂതങ്ങളുടേതുപോലെ ആയി. മൂർച്ചയുള്ള ആയുധങ്ങൾകൊണ്ട് അവരുടെ ശരീരങ്ങളെ മുറിവേൽപിച്ചതിനാൽ ശരീരത്തിൽനിന്നു വിയർപ്പും രക്തവും ഒഴുകുവാൻ തുടങ്ങി. അതിനടുത്തു നിങ്ങൾ നിൽക്കുകയാണെങ്കിൽ, അവർ വേഗം വേഗം ശരീരങ്ങൾ കുത്തി മുറിവേൽപിക്കുന്നതിനാൽ നിങ്ങളുടെ ദേഹത്തേക്ക് രക്തവും വിയർപ്പും തെറിക്കും.

അവർ ''പ്രവചിക്കുവാൻ'' തുടങ്ങി (എൻഏഎസ്ബിയിൽ ''പിച്ചും പേയും'' എന്നാണ്. പക്ഷെ എബ്രായ വാക്ക് ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം ''പ്രവചിക്കുക'' എന്നതാണ്). അവർ ചെയ്തത് എന്തെന്നറിയുവാൻ ടിവിയിലെ കരിസ്മാറ്റിക് പ്രോഗ്രാം ശ്രദ്ധിച്ചാൽ മതി. അവർ തിരിച്ചറിയുവാൻ കഴിയാത്ത വാക്കുകളും വിഡ്ഢിത്ത പ്രയോഗങ്ങളുമാണ് സംസാരിച്ചത്. ''നിർവൃതിജനകമായ അപശബ്ദങ്ങൾ'' എന്നാണ് ചിലർ അതിനെ വിളിക്കുന്നത്. അത് തികച്ചും സംഭ്രമജനകമായ അവസ്ഥയായിരുന്നു.

അവസാനം, ആ 450 പ്രവാചകന്മാരും ക്ഷീണിച്ച് അവശരായി വീണു, ആറോ ഏഴോ മണിക്കൂർ നേരത്തെ അവരുടെ ഭ്രാന്തമായ പരിശ്രമശേഷം, അവരുടെ മനോഹരമായ വസ്ത്രങ്ങളെല്ലാം രക്തവും, വിയർപ്പും പൊടിയും നിറഞ്ഞു. (അവരെ കുറിച്ചു ഒരു കാര്യം പറയാം: ഇതെല്ലാം ചെയ്തതിനാൽ ശാരീരികമായി അവർ നല്ല പ്രകൃതത്തിലെത്തിയിരിക്കും!)

പിന്നെ നമുക്ക് ഈ ദുഃഖവിവരണമുണ്ട്: ''എന്നിട്ടും ഒരു ശബ്ദമോ, ഉത്തരമോ, ശ്രദ്ധയോ ഉണ്ടായില്ല'' (വാക്യം 29).

ആത്മാർത്ഥതയെ കുറിച്ച് നമുക്ക് ഒരു വാക്ക് ചിന്തിക്കാം. പൊതുവിൽ സത്യസന്ധത മതപരമായി പ്രധാനപ്പെട്ട തത്വം തന്നെയാണ്. ഒരാൾ ആത്മാർത്ഥനായിരിക്കുന്നേടത്തോളം അവൻ വിശ്വസിക്കുന്നതിനോ, മതപരമായി ചെയ്യുന്നതിനോ അൽപം വ്യത്യാസം ജനിപ്പിക്കും. തറയിൽ വീണുകിടക്കുന്ന ബാലിന്റെ പ്രവാചകന്മാരെ നോക്കുക, അവരുടെ ആത്മാർത്ഥത ദൃശ്യമാകും. എങ്ങനെയായാലും, അത് വ്യർത്ഥമായിരുന്നു. ആത്മാർത്ഥത മാത്രം പോരാ; ഒരാൾ സത്യസന്ധനായിരിക്കുമ്പോൾ, ബൈബിൾ അനുസരിച്ച് ശരിയുമായിരിക്കണം.

## നിർണ്ണായകമായ ഏറ്റുമുട്ടൽ
## (18:30-35)

ഇനി ഏലിയാവിന്റെ ഊഴമാണ്: ''അപ്പോൾ ഏലിയാവ് 'എന്റെ അടുക്കൽ വരുവിൻ'എന്നു സർവ്വജനത്തോടും പറഞ്ഞു'' (വാക്യം 30). ആ ആറേഴ് മണിക്കൂറിനിടയിൽ ചില ആളുകൾ ചിതറി പോയിരിക്കുമെന്ന് സംശയരഹിതമായി പറയാം. ഏലിയാവ് വീണ്ടും ആളുകളെ കൂട്ടിവരുത്തി.

''അവൻ ഇടിഞ്ഞു കിടന്ന യഹോവയുടെ യാഗപീഠം നന്നാക്കി'' (വാക്യം 30). അവർ യഹോവയുടെ യാഗപീഠം ഇടിച്ചുകളഞ്ഞു ബാലിന്റേയും അശേരയുടേയും യാഗപീഠങ്ങളുണ്ടാക്കിയിരുന്നു. ഇപ്പോൾ ഏലിയാവ് യഹോവയുടെ യാഗപീഠം വീണ്ടും നിർമ്മിച്ചു. വീണ്ടും ഏലിയാവ് *പുനരുദ്ധാരണ* പ്രക്രിയയിൽ ഏർപ്പെട്ടു. അവൻ പുതിയ പ്രമാണങ്ങളൊന്നും കൊണ്ടുവന്നില്ല;

എന്നാൽ പഴയതിനെ പുതുക്കി. ''നിനക്ക് യിസ്രായേൽ എന്നു പേരാകും എന്നു യഹോവയുടെ അരുളപ്പാട് ലഭിച്ച യാക്കൊബിന്റെ പുത്രന്മാരുടെ ഗോത്രസംഖ്യക്ക് ഒത്തവണ്ണം പന്ത്രണ്ടു കല്ല് എടുത്തു'' (വാക്യം 31).

ഏലിയാവ് പത്തു ഗോത്രങ്ങളെ പ്രതിനിധീകരിച്ച് പത്തു കല്ലുകളല്ല വെച്ചത്, മറിച്ച് *പന്ത്രണ്ടു* ഗോത്രങ്ങളെ പ്രതിനിധീകരിച്ച് പന്ത്രണ്ടു കല്ലുകളായിരുന്നു വെച്ചത്. ആളുകൾ വിഭജിക്കപ്പെട്ടിരുന്നു, എന്നാൽ ആളുകൾ *ഒന്നായി* കാണുവാനായിരുന്നു ദൈവം ആഗ്രഹിച്ചത്. എല്ലാ ഗോത്രങ്ങളേയും ചേർത്താണ് യിസ്രായേൽ എന്നറിയപ്പെട്ടത് എന്നു ഏലിയാവ് വീണ്ടും ഓർപ്പിച്ചു.

> കല്ല്കൊണ്ട് യഹോവയുടെ നാമത്തിൽ ഒരു യാഗപീഠം പണിതു. യാഗപീഠത്തിന്നു ചുറ്റും രണ്ട് സേയാ വിത്ത് വിതെപ്പാൻ മതിയായ വിസ്താരത്തിൽ ഒരു തോടുണ്ടാക്കി. പിന്നെ അവൻ വിറക് അടുക്കി കാളയെ ഖണ്ഡം ഖണ്ഡമാക്കി വിറെകിൻ മീതെ വെച്ചു. ''നാലു തൊട്ടിയിൽ [വെള്ളപ്പാത്രം] വെള്ളം നിറച്ചു ഹോമയാഗത്തിന്മേലും വിറെകിന്മേലും ഒഴിപ്പിൻ'' എന്നു പറഞ്ഞു. ''രണ്ടാം പ്രാവശ്യവും അങ്ങനെ ചെയ്വിൻ'' എന്നു അവൻ പറഞ്ഞു. അവർ രണ്ടാം പ്രാവശ്യവും ചെയ്തു. അതിനുശേഷം ''മൂന്നാം പ്രാവശ്യവും അങ്ങനെ ചെയ്വിൻ''എന്നു അവൻ പറഞ്ഞു. അവർ മൂന്നാം പ്രാവശ്യവും ചെയ്തു. വെള്ളം യാഗപീഠത്തിന്റെ ചുറ്റും ഒഴുകി. അവൻ തോട്ടിലും വെള്ളം നിറച്ചു (വാക്യങ്ങൾ 32-35).

''സെയാ അളവ്'' എത്ര വലുതാണെന്ന് എനിക്ക് അറിയില്ല. അതേപോലെ തൊട്ടിയുടെ അളവ് എത്രയാണെന്നും എനിക്ക് അറിയില്ല. എന്നാൽ ഒരു കാര്യം നമുക്ക് തീർച്ചയാക്കാം: പന്ത്രണ്ടു പാത്രം വെള്ളം യാഗപീഠത്തിന്മേൽ ഒഴിച്ചപ്പോൾ യാഗപീഠം ശരിക്കും *നനഞ്ഞിരിക്കും.*

വിമർശകർ കളിയായി പറയും, ''മൂന്നര - വർഷത്തെ വരൾച്ചക്കു ശേഷവും, അത്രയും വെള്ളം ഉണ്ടായിരുന്നോ!'' എങ്ങനെയായാലും, അടുത്ത് ധാരാളം നീരുറവകൾ ഒഴുകിയെത്തിയിരുന്ന കിശോൻ എന്ന തോടുണ്ടായിരുന്നു (വാക്യം 40). മദ്ധ്യധരണ്യാഴിക്കടുത്തായിരുന്നു കർമ്മേൽ പർവ്വതം. കടൽവെള്ളം കുടിക്കുവാൻ പറ്റിയതല്ല, എന്നാൽ നനക്കുവാൻ പറ്റിയതാണ്[11]. 1968-ൽ ഞാനും കുടുംബവും കപ്പലിൽ ആസ്ട്രേലിയയിലേക്ക് പോയപ്പോൾ, ശേഖരിച്ചു വെച്ച ടാങ്കുകളിലെ വെള്ളമായിരുന്നു ഞങ്ങൾ കുടിച്ചിരുന്നത്, എന്നാൽ കുളിക്കുവാനും മറ്റും ഉപയോഗിച്ചിരുന്നത് കടലിൽനിന്നു എടുത്തു വിതരണം ചെയ്ത വെള്ളമായിരുന്നു!

യാഗവും യാഗത്തിനു ചുറ്റും നനക്കുവാൻ കാരണം എന്തായിരുന്നു? അതിൽ സൂത്രമോ ഇന്ദ്രജാലമോ ഇല്ല എന്നു തെളിയിക്കുവാൻ. സ്വാഭാവികമായി യാഗവസ്തു കത്തുവാനിടയില്ലാത്ത സാഹചര്യം ഒരുക്കുവാനായിരുന്നു. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന പുരോഹിതന്മാർ അത്തരം സൂത്രവിദ്യകൾ നടത്തിയിരുന്നു. (ചരിത്രം പറയുന്നത് ഒരിക്കൽ യാഗപീഠത്തിനടിയിൽ ഒരു ദ്വാരം ഉണ്ടാക്കി പുരോഹിതനെ ഒളിപ്പിച്ച് ''അത്ഭുതകരമായി'' യാഗം ദഹിപ്പിക്കുവാൻ ശ്രമിച്ചു. എങ്ങനെയായാലും, പുരോഹിതൻ തന്റെ ജോലി ചെയ്യുന്നതിനു മുൻപ് ശ്വാസം മുട്ടി മരിച്ചുപോയി.)

ഏലിയാവ് എല്ലാം നനച്ചു. ഒരു തീരുമാനം എടുക്കുവാൻ അവൻ ആളു

കളെ ഒരുക്കുകയായിരുന്നു.

## പ്രാർത്ഥനയോടുകൂടിയ ഏറ്റുമുട്ടൽ
## (18:36-39)

ഏലിയാവ് വീണ്ടും ദൈവസന്നിധിയിലായി. ബാലിന്റെ പ്രവാചകന്മാർ ആറേഴു മണിക്കൂർ നിലവിളിച്ചുകൊണ്ടിരുന്നു. ഏലിയാവ് രണ്ടു വാക്യങ്ങളിലൊതുങ്ങുന്ന ഒരു ലളിതമായ പ്രാർത്ഥന നടത്തി. ഉന്മാദമൊന്നുമില്ലായിരുന്നു, എന്നാൽ ലളിതമായ വിശ്വാസവും ആശ്രയവും. (അവൻ പ്രാർത്ഥിക്കുന്നതിനു മുൻപ് ആളുകളോട് പുറകിലേക്ക് മാറി നിൽക്കുവാൻ പറഞ്ഞു കാണുമെന്ന് ഞാൻ ഊഹിക്കുന്നു!)

> ഭോജനയാഗം കഴിക്കുന്ന നേരമായപ്പോൾ ഏലിയാപ്രവാചകൻ അടുത്തു ചെന്നു; അബ്രഹാമിന്റേയും, യിസഹാക്കിന്റേയും, യിസ്രായേലിന്റേയും ദൈവമായ യഹോവേ, യിസ്രായേലിൽ നീ ദൈവമാണെന്നും ഞാൻ നിന്റെ ദാസൻ എന്നും ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കൽപനപ്രകാരം ചെയ്തു എന്നും ഇന്നു വെളിപ്പെട്ടുവരട്ടെ. യഹോവേ എനിക്ക് ഉത്തരം അരുളേണമേ എന്നു പറഞ്ഞു (വാക്യങ്ങൾ 36, 37).

‘‘ഉടനെ യഹോവയുടെ തീ ഇറങ്ങി[12] ഹോമയാഗവും, വിറകും, മണ്ണും ദഹിപ്പിച്ചു. തോട്ടിലെ വെള്ളവും വറ്റിച്ചുകളഞ്ഞു’’ (വാക്യം 38). ഞാൻ അധികവും കൂടരങ്ങളിൽ താമസിച്ചിട്ട് വളരെ കാലമായി, എങ്കിലും പാറയും മണ്ണും സാധാരണ തീയാൽ ദഹിപ്പിക്കുവാൻ സാധ്യമല്ല എന്ന് എനിക്ക് അറിയാം. എന്നാൽ, യഹോവയുടെ തീ പാറയും, മണ്ണും എല്ലാം ദഹിപ്പിച്ചുകളഞ്ഞു! അന്ന് അവിടെ സന്നിഹിതരായവർക്ക് അത് എന്തൊരു കാഴ്ച്ച ആയിരുന്നിരിക്കണം! മൈലുകൾക്കകലെയുള്ളവർക്ക് പോലും ആ തീ കാണുവാൻ കഴിയുമായിരുന്നു – യിസ്രെയേലിലെ ഈസെബേലിനു പോലും കാണാമായിരുന്നു (1 രാജാക്കന്മാർ 18:46; 19:1)!

ജനക്കൂട്ടത്തിന്റെ പ്രതികരണം എന്തായിരുന്നു? ‘‘ജനം എല്ലാം അതു കണ്ടു കവിണ്ണുവീണു, ‘യഹോവ തന്നെ ദൈവം, യഹോവ തന്നെ ദൈവം എന്നു പറഞ്ഞു’ ’’ (വാക്യം 39). എൻഏഎസ്ബിയിൽ ‘‘ലോർഡ്’’ എന്ന വാക്ക് എല്ലാം വലിയ അക്ഷരത്തിലാണ്, അത് സൂചിപ്പിക്കുന്നത് ദൈവത്തിന്റെ വിശുദ്ധ നാമത്തെയാണ്, പലപ്പോഴും അത് തർജിമ ചെയ്തിരിക്കുന്നത് ‘‘യഹോവ’’ എന്നാണ്. ‘‘യഹോവ തന്നെ ദൈവം’’ എന്നു ജനം ആർത്തു വിളിച്ചു. ബാൽ ദൈവമല്ല, യഹോവ ആണ് ദൈവം; യഹോവ തന്നെയാണ് ദൈവം! വർഷങ്ങൾക്കു ശേഷം ജനത്തിന്റെ വായിൽനിന്ന് ആദ്യമായി യഹോവ എന്ന നാമം പുറപ്പെട്ടു. ആ സമയത്ത്, സന്ദേഹം മാറി.

## പ്രായോഗികമായ ഏറ്റുമുട്ടൽ
## (18:40)

സംഭവം മുഴുവനാകണമെങ്കിൽ, വാക്യം 40 കൂടെ നാം വായിക്കണം: ‘‘ഏലിയാവ് അവരോട്, ബാലിന്റെ പ്രവാചകന്മാരെ പിടിപ്പിൻ, അവരിൽ ഒരുത്തനും രക്ഷപ്പെടരുത് എന്നു പറഞ്ഞു അവർ അവരെ പിടിച്ചു. ഏലിയാവ്

അവരെ കിശോൻ തോട്ടിനരികെ കൊണ്ടുചെന്നു വെട്ടി കൊന്നുകളഞ്ഞു.''

ഏലിയാവിന്റെ ''ദുഷ്പ്രേരണയാൽ'' ആളുകൾ ചെയ്തതിന്റെ വിശദാംശങ്ങൾ ജോസെഫസ് പറഞ്ഞിട്ടുണ്ട്.

കൂട്ടക്കൊല എന്നു തോന്നിക്കുന്ന ആ സംഭവം നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. അത്തരം പ്രവർത്തിയിൽ ഉൾപ്പെടുന്നതെല്ലാം വിശദമായി പിന്നീട് ഒരു പാഠത്തിൽ നാം പഠിക്കും. എന്നാൽ ഇപ്പോൾ നമുക്ക് ചില പരാമർശങ്ങൾ നോക്കാം: കള്ള പ്രവാചകന്മാരെ കൊല്ലേണമെന്നാണ് ന്യായപ്രമാണം കല്പിച്ചിരിക്കുന്നത് (ആവർത്തനപുസ്തകം 7:1–5; 13:13, 14). അത് രാജാവായിരുന്നു ചെയ്തിരുന്നത്, പക്ഷെ ഇവിടെ അതായിരുന്നില്ല സ്ഥിതി; വാസ്തവത്തിൽ ആ പ്രവാചകന്മാർ അവന്റെ സംരക്ഷണയിലായിരുന്നു. ആളുകൾ ദൈവത്തിന്റെ നിയമത്തെ പാലിക്കണമെന്നാണ് ഏലിയാവ് ഒരിക്കൽകൂടെ തെളിയിച്ചത്.

ആ സാഹചര്യം മറ്റൊരു വിധത്തിൽ നോക്കിയാൽ, ദേശം മുഴുവൻ മാരകമായ അവസ്ഥയിലായിരുന്നു. മാരകമായ അർബുദത്തെ ഡോക്ടർ എന്തു ചെയ്യും? അയാൾ അതിന്റെ ചില ഭാഗം നീക്കം ചെയ്യും. പിന്നീട് ആ മുഴ മുഴുവൻ നീക്കിക്കളയാൻ ശ്രമിക്കും. അയാൾ ചിലപ്പോൾ അതിനു ചുറ്റുമുള്ള ചില കോശങ്ങളും എടുത്തുകളയും. രോഗിയെ സുഖപ്പെടുത്തുവാനായി അയാൾ *എല്ലാം* നീക്കിക്കളയും. അതായിരുന്നു ഇവിടേയും ശ്രമിച്ചത്.

**ഉപസംഹാരം**

അദ്ധ്യായം 18 ആവേശം ജനപ്പിക്കുന്നവ; യിസ്രായേലിനു, അത് ''തീരുമാനം ഏടുക്കേണ്ട സമയം'' ആയിരുന്നു. *ഇന്നാ*ണ് നമ്മുടെ തീരുമാന സമയം.

മുന്നു വ്യത്യസ്ത സംഘങ്ങളായിരുന്നു കർമ്മേൽ പർവ്വതത്തിൽ ഉണ്ടായിരുന്നത്, ആളുകൾ ഒരുമിച്ചു കൂടുമ്പോഴെല്ലാം മിക്കവാറും സമയങ്ങളിൽ ആ മൂന്നു സംഘങ്ങൾ സന്നിഹിതരാകുമായിരുന്നു.

ആദ്യം, ഏലിയാവിനെപോലെയുള്ളവർ, ദൈവത്തിൽ പുർണമായി സമർപ്പിക്കപ്പെട്ട്, ദൈവേഷ്ടം പൂർണമായി ചെയ്യുവാൻ ഏൽപിക്കപ്പെട്ടവർ. നിർഭാഗ്യവശാൽ ഈ സംഘം എല്ലായിപ്പോഴും ന്യൂനപക്ഷം ആയിരിക്കും. എങ്ങനെയായാലും, ദൈവം അവരെ നോക്കി, ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു.[13] ഇന്ന് ആരാധനക്ക് ദൈവം വരികയാണെങ്കിൽ, അവന് ഉപയോഗിപ്പാൻ പറ്റിയ പുരുഷനെ, സ്ത്രീയെ, ആൺകുട്ടിയെ, പെൺകുട്ടിയെ അല്ലേ നോക്കുക? അവൻ നിങ്ങളുടെ അടുക്കൽ വന്നു പറയും, ''*ഇതാ,* തന്റെ ഹൃദയം എന്നിൽ അർപ്പിച്ചയാൾ; എന്റെ സേവനത്തിനായി ഉപയോഗിപ്പാൻ പറ്റിയ ആളല്ലേ''? അത്തരം ആളുകൾ നമുക്കു സഭയിൽ ഉള്ളതിനാൽ ദൈവത്തെ സ്തുതിക്കാം: പുരുഷന്മാർ, സ്ത്രീകൾ, ആൺകുട്ടികൾ, പെൺകുട്ടികൾ എന്നിവർ വേണ്ടിവന്നാൽ ശരിയായതിനു വേണ്ടിനിൽക്കുവാൻ തയ്യാറായിരിക്കും.

രണ്ടാമത്, ബാലിന്റെ പുരോഹിതന്മാരെ പോലെയുള്ളവർ,അനീതിക്കായി സമർപ്പിക്കപ്പെട്ട് പാപത്തിൽ കഠിനപ്പെട്ടവർ. ഏലിയാവ് അവരെ പരിവർത്തനം ചെയ്യുവാൻ ശ്രമിച്ചില്ല. അത്തരത്തിലുള്ള ആളുകൾ എല്ലായിപ്പോഴും ഉണ്ട് എന്നത് സത്യമാണ്. അവരുടെ ആത്മാക്കളെക്കുറിച്ച് അൽപ്പമേ പറയേണ്ടതുള്ളു. ധാരാളം പ്രസംഗങ്ങൾ അവരുടെ മുകളിൽകൂടെ കടന്നുപോയിട്ടുണ്ട്. നിങ്ങൾ അവരോട് എന്തെങ്കിലും പറഞ്ഞാൽ, അവരുടെ പ്രതികരണം ''എന്നെ വിട്ടേക്കുക! എന്നെ ഉപദേശിക്കേണ്ട!''

പിന്നെ മൂന്നാമത്തെ കൂട്ടം, അവയിലെല്ലാം വലിയ സംഘമാണ്: യിസ്രായേൽ മക്കളെപോലെയുള്ളവർ, വിഭജിക്കപ്പെട്ട സഖ്യത്തോടുകൂടി, രണ്ടഭിപ്രായങ്ങൾക്കിടയിൽ ഞെരുങ്ങിയിരിക്കുന്നവർ. അവർ അത്രതന്നെ മോശക്കാരല്ല, എന്നാൽ അത്രതന്നെ നല്ലവരുമല്ല. ഏലിയാവ് ധാരാളം സംസാരിക്കേണ്ടത് അവരോടായിരുന്നു; ഒരു തീരുമാനം എടുക്കുവാൻ വെല്ലുവിളികൊടുത്തത് അവർക്കായിരുന്നു.

നമ്മിൽ പലരും ആത്മീകമായി ബലഹീനതയുള്ളവരാണ് എന്നത് സത്യമല്ലേ? ഏലിയാവ് പണ്ട് നൽകിയതായ വെല്ലുവിളി ഇന്നു നമുക്കു ഓരോരുത്തർക്കും ഉള്ളതാണ്: നിങ്ങൾ ആരെ സേവിക്കും എന്ന് മനസ്സിൽ ഉറപ്പിക്കുക! നിങ്ങളുടെ ദേവനാണ് ശക്തിയെങ്കിൽ യഹോവയെ മറന്നേക്കുക. പ്രചാരമാണ് നിങ്ങളുടെ ദേവനെങ്കിൽ, യഹോവയെ മറന്നു പ്രചാരത്തെ സേവിക്കുക. പണമാണ് നിങ്ങളുടെ ദേവനെങ്കിൽ, യഹോവയെ മറക്കുകയും പണത്തെ സേവിക്കുകയും ചെയ്യുക. എങ്ങനെയായാലും. യഹോവയാണ് ദൈവം എങ്കിൽ, *അവനെ* സേവിക്കുക! നിങ്ങൾ മനസ്സു ഉറപ്പിക്കേണ്ടതാണ്: ''രണ്ട് യജമാനന്മാരെ സേവിപ്പാൻ ആർക്കും സാധ്യമല്ല'' (മത്തായി 6:24).

ഓരോ വ്യക്തിയും, സ്ത്രീയായാലും പുരുഷനായാലും, പൂർണമായി കർത്താവിൽ സമർപ്പിച്ച് പറയുക, ''കർത്താവ്, ദൈവമാകുന്നു; കർത്താവ് തന്നെ, ദൈവം!'' ഒരാൾ തന്റെ ജീവിതം കർത്താവിന് സമർപ്പിച്ച ശേഷം, സ്കൂളിലേക്കോ, ജോലിയിലേക്കോ ദൈവ പുരുഷനോ സ്ത്രീയോ ആയി ജീവിക്കുന്നതും തുല്യ പ്രാധാന്യം ഉള്ളതാണ്.

ഇന്ന് ആ വിധത്തിലുള്ള തീരുമാനം എടുക്കുവാൻ അത്ഭുതകരമായി തീ ഇറങ്ങി വരികയില്ല, പക്ഷെ ശക്തിയുള്ള ദൈവത്തിന്റെ വചനം നാം പഠിച്ച് വിശ്വസിച്ചു (റോമമർ 1:16). ദൈവവചനം തീ *പോലെ*യാകുന്നു എന്ന് യിരെമ്യാവ് പറഞ്ഞിരുന്നു (യിരെമ്യാവ് 5:14; 23:29; വിലാപങ്ങൾ 1:13). അത് അസ്ഥികളെ ദഹിപ്പിക്കുന്നതായി നിങ്ങൾക്ക് തോന്നുന്നില്ലേ?

''യഹോവ *തന്നെ* ദൈവം, ദൈവ വചനം സത്യമാകുന്നു, ഞാൻ അവനെ അനുസരിക്കേണ്ടതാകുന്നു!'' എന്നു *നിങ്ങൾ* പറയും എന്നാണ് ഞാൻ കരുതുന്നത്.

---

## ദൃശ്യ-സഹായ കുറിപ്പുകൾ

ഉപദേഷ്ടാക്കന്മാരും, പ്രാസംഗികരുമായ നിങ്ങൾ തന്നെയാണ് ഇതിൽ ''ദൃശ്യ'' സഹായം, ഈ പാഠത്തിലെ ആവേശകരമായ രംഗം, നിങ്ങളുടെ വാക്കുകളാലും ശാരീരിക ചലനങ്ങളാലും കൊണ്ടുവരുന്നു. നിങ്ങളെത്തന്നെ അവതരിപ്പിക്കുക.

---

കുറിപ്പുകൾ

[1]''മൂന്നാമത്തെ വർഷം'' എന്ന പ്രയോഗവും പുതിയനിയമത്തിൽ, വരൾച്ച മൂന്നര-വർഷമായിരുന്നു എന്നു പറയുന്നതും ബൈബിളിൽ വൈപരീത്യമുണ്ട് എന്നു പറയുവാൻ വിമർശകർ ശ്രമിക്കുന്നുണ്ട്. ഏലിയാവ് ഒരു വർഷം കെരീത്തു തോട്ടിനരികിലും, രണ്ടര-വർഷം (''മൂന്നാം സംവൽസരം'') അവൻ സാരെ

ഫാത്തിലും താമസിച്ചിരിക്കും. അങ്ങനെ മൊത്തം മൂന്ന-ര വർഷം. [2]ഈ ചെറിയ രസകരമായ സംഭവം ഒരു പ്രസംഗത്തിൽ വിശദമാക്കുവാൻ സമയം ഇല്ല. ഈ പാഠത്തിന്റെ അവസാനമുള്ള ഓബദ്യാവ് എന്ന പാഠം നോക്കുക. [3]ബാലിനെ ആരാധിക്കുന്നതിൽ, അശേരാ അടക്കം പല രൂപഭേദങ്ങൾ ഉള്ളതുകൊണ്ടാണ് ബഹുവചനം ഉപയോഗിച്ചിരിക്കുന്നത്. [4]ഒരിക്കൽ 1800 കളുടെ അവസാനം അമേരിക്കയിൽ, കർത്താവിന്റെ സഭയിലേക്ക് ഉപകരണസംഗീതം കൊണ്ടുവന്ന സാഹചര്യം ഓർമ്മ വരുന്നു. ഇതിനു തടസം നിൽക്കുന്നവരാണ് ഭിന്നതയുണ്ടാക്കുന്നത് എന്ന് അതു കൊണ്ടുവന്നവർ പറഞ്ഞു. അതിനെ എതിർത്തവർ മറുപടി പറഞ്ഞു, ''നിങ്ങളാണ് ആപ്പ് വെച്ച് അകറ്റുന്നത്!'' (റോമർ 16:17). [5]''കർമ്മേൽ'' എന്നതിനർത്ഥം ''തോട്ടഭൂമി'' അല്ലെങ്കിൽ ''ഉദ്യാനം.'' വടക്കെ യിസ്രായേലിലെ ഏറ്റവും നീരൊഴുക്കുള്ള സ്ഥലമായിരുന്നു അത്. പന്ത്രണ്ടു മൈൽ നീണ്ടു കിടക്കുന്ന ഒന്നായിരുന്നു കർമ്മേൽ ''പർവ്വതം.'' ഏൽ മുഹറാക്ക, ''ദഹിപ്പിക്കുന്ന സ്ഥലം'' എന്നു വിളിച്ചിരുന്ന പാരമ്പര്യസ്ഥല്ത്തു വെച്ചായിരുന്നു ബാലിന്റെ പ്രവാചകന്മാരെ ഏറ്റുമുട്ടിയത്. [6]സഭായോഗത്തിൽ വന്നവരെ കണക്കുകൂട്ടുക, പിന്നെ അതിനോട് ചേർക്കുക, ഇരട്ടിയാക്കുകയോ അതിൽനിന്നു കുറക്കുകയോ അല്ലെങ്കിൽ 450 കിട്ടുവാനായി വേണ്ടതു ചെയ്യുക. [7]ക്ലൈഡ് എം. മില്ലർ, *ഫസ്റ്റ് ആന്റ് സെക്കന്റ് കിങ്സ്*, ലിവിങ് വേഡ് കമെന്ററി (അബിലീൻ, ടെക്സ്: ഏ. സി. യു. പ്രസ്, 1991), 7:272. [8]അക്ഷരികമായ എബ്രായ ഭാഷ ''ദ വേഡ് ഈസ് ഗുഡ്'' എന്നാണ്. [9]വാക്യം 21 ലെ ''ഹെസിന്തേന്'' എന്ന വാക്കു തർജിമ ചെയ്തിരിക്കുന്ന അതേ എബ്രായ വാക്കിൽനിന്നാണ് ''ലിംപ്ഡ്'' എന്നത് തർജിമ ചെയ്തത്. ഒരു തർജിമയിൽ ''ദേ ലിംപ്ഡ് അപ്പോൺ ദ ആൾട്ടേഴ്സ്.'' അവർ ചെയ്തത് അവലക്ഷണമായിരുന്നു. [10]ബാലിനെ ആരാധിച്ചിരുന്ന രേഖകളിൽനിന്നും മനുവിഗ്രഹാരാധനയുടെ രേഖകളിൽനിന്നും.

[11]തോട് ഇന്നും ഒഴുകുന്നു. അറബിയിൽ അതിനെ ''ദ റിവർ ഓഫ് സ്ലാട്ടർ'' എന്നാണ്. പാലസ്തീനിലെ പ്രധാന നദിയാണ്. യോർദ്ദാൻ കഴിഞ്ഞ് രണ്ടാമത്തേതാണ്. [12]വ്യാഖ്യാതാക്കൾ പറയുന്നത് അത് മിന്നലായിരുന്നു എന്നാണ്. എങ്ങനെയായാലും, രണ്ടു കാരണങ്ങൾ കൊണ്ട് അതു സാധാരണ മിന്നലായിരുന്നില്ല: (1) അത് കല്ലുകളെയും മണ്ണിനേയും ദഹിപ്പിച്ചു; സാധാരണ മിന്നൽ അതു ചെയ്യുകയില്ല. (2) മേഘമില്ലാത്ത ആകാശത്തുനിന്നാണ് അതു വന്നത് (വാക്യം 43). [13]സമയം അനുവദിക്കുമെങ്കിൽ, യെഹസ്ക്കേൽ 22:23-30 ഇവിടെ ഉപയോഗിക്കുക.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

എ. ഒന്നു രാജാക്കന്മാർ 18 ബൈബിളിലെ ഏറ്റവും ആവേശകരമായ അദ്ധ്യായമാണ്.

ബി. ഈ അദ്ധ്യായത്തിൽ, നമുക്ക് *ഏറ്റുമുട്ടൽ* പരമ്പരകളുണ്ട്: ഒന്നോ അതിലധികം പേരുമായി ഏലിയാവ് വീണ്ടും വീണ്ടും ഏറ്റുമുട്ടും.

I. ദൈവികമായ ഏറ്റുമുട്ടൽ (18:1, 2)

എ. ദൈവവും ഏലിയാവും തമ്മിലുള്ള ദൈവിക ഏറ്റുമുട്ടൽ.

ബി. ദൈവം ''പോക'' എന്നു പറയുന്നു, ഏലിയാവ് അനുസ

രിക്കുന്നു.

II. കരുണാധിക്യമായ ഏന്നുമുട്ടൽ (18:2–16)

എ. ഏലിയാവും ആഹാബും തമ്മിൽ കണ്ടുമുട്ടുന്നതിന്റെ പാർശ്വ കഥകൾ ഈ വാക്യങ്ങൾ വിശദമാക്കുന്നു. അതു *ഓബദ്യാവും* ഏലിയാവും തമ്മിൽ ഏന്നുമുട്ടുന്നതാണ്.

ബി. ആഹാബിന്റെ ഭൃത്യനായ ഓബദ്യാവ്, ആഹാബിന്റെ മൃഗങ്ങൾക്ക് മേച്ചൽ കണ്ടെത്തുവാൻ പോകുന്നു. അവൻ അത് അന്വേഷിക്കുമ്പോൾ, ഏലിയാവിനെ കണ്ടു. ഏലിയാവ് അവനോട്, ‘‘ഏലിയാവ് ഇതാ, ഇവിടെ ഉണ്ട്’’ എന്ന് ആഹാബിനോട് പറയുവാൻ നിർദ്ദേശിച്ചു (വാക്യം 11). അത് ഓബദ്യാവിനെ ഭയപ്പെടുത്തുന്നു (വാക്യങ്ങൾ 9–12), പക്ഷെ ഏലിയാവ് അവന് ഉറപ്പ് കൊടുക്കുന്നു (വാക്യം 15).

III. രാജകിയമായ ഏന്നുമുട്ടൽ (18:17–20)

എ. മൂന്നു വർഷത്തിനു ശേഷം ആഹാബും ഏലിയാവും ആദ്യമായി കണ്ടുമുട്ടുന്നു. എല്ലാ കുഴപ്പങ്ങൾക്കും ആഹാബ് ഏലിയാവിനെ ശാസിക്കുന്നു (വാക്യങ്ങൾ 2, 17), എന്നാൽ ഏലിയാവ് ഭീഷണിക്ക് വഴങ്ങിയില്ല (വാക്യം 18). (പ്രശ്നങ്ങളുണ്ടാകുന്നത്, ആളുകൾ ദൈവത്തെ അനുസരിക്കാതിരിക്കുമ്പോഴാണ്; *അവരെ* എതിർക്കുന്നവരല്ല ഉത്തരവാദികൾ! റോമർ 16:17 നോക്കുക.)

ബി. ബാലിന്റെ എല്ലാ പ്രവാചകന്മാരെയും കർമ്മേൽ പർവ്വതത്തിൽ കൂട്ടിവരുത്തുവാൻ ഏലിയാവ് ആഹാബിനോട് പറയുന്നു (വാക്യം 19).

1. അനേകർ വിശുദ്ധ സ്ഥലം എന്നു കരുതിയിരുന്ന ഒന്നായിരുന്നു കർമ്മേൽ.
2. സത്യാരാധനക്കു പകരം വിഗ്രഹാരാധന നടന്ന ഉയർന്ന സ്ഥലമാ യിരുന്നു അത്.
3. അതു നയതന്ത്രസ്ഥലമായിരുന്നു.

IV. വ്യക്തിപരമായ ഏന്നുമുട്ടൽ (18:21–24)

ഏ. കർമ്മേലിൽ വന്ന സംഘങ്ങളെ ഊഹിക്കുക:

1. ഒരുവശത്ത്:
   - എ. 450 പ്രവാചകന്മാരും അവരുടെ കൂട്ടുകാരും.
   - ബി. ആളുകളിൽ പ്രധാനപ്പെട്ട ആയിരക്കണക്കിനു യിസ്രായേല്യർ, ജനത്തിന്റെ പ്രമാണിമാരും, മനുള്ളവരും.
   - സി. രാജാവും അവന്റെ സന്നാഹവും.
2. മറുവശത്ത്, ഏകനായി: ഏലിയാവ്. അവന്നായി ദുഃഖിക്കരുത്.
   - എ. അത് 1000 വും വിചിത്രവുമായ 1 ഉം ചേർന്നതായിരുന്നില്ല. അത് 1000 വും 1 *ഉം* ദൈവവുമായിരുന്നു.

        ബി. ഇവിടെ ഏലിയാവാണ് നിയന്ത്രിച്ചത്. ഈ അദ്ധ്യായത്തിൽ അവൻ സംസാരിച്ചതെല്ലാം അധികാരത്തോടെയായിരുന്നു; സാധാരണ, കൽപനയായിട്ടായിരുന്നു.

- ബി. ഏലിയാവ് കർമ്മേൽ പർവ്വതത്തിൽ വെച്ച് ആദ്യംഏന്ദുമുട്ടിയത് ബാ ലിന്റെ പ്രവാചകന്മാരോടോ, രാജാവിനോടോ ആയിരുന്നില്ല; മറിച്ച് *ജനത്തോടായിരുന്നു.*
    1. ഏലിയാവ് പറയുന്നു, ''ഇത് തീരുമാന സമയമാണ്'' (വാക്യം 21).
    2. ജനം ''ഉത്തരം ഒന്നും'' പറഞ്ഞില്ല (വാക്യം 21). അവർ സമർപ്പണം എടുത്തില്ല, അനന്തരഫലത്തിനായി തയ്യാറായതുമില്ല.
    3. ഏലിയാവ് അഭിപ്രായപ്പെട്ടു (വാക്യങ്ങൾ 22–24)!
        - ഏ. ബാൽ പ്രകൃതിയുടെ ദേവനായിരുന്നു എന്നോർക്കുക. സൂര്യൻ അവന്റെ സിംഹാസനമാണെന്നും കരുതിയിരുന്നു.
        - ബി. അത് സത്യമായിരുന്നുവെങ്കിൽ, തീ അയക്കുന്നത് ഒരു കുട്ടിക്കളി മാത്രമെ ആകുന്നുള്ളു.
    4. ജനം സമ്മതിക്കുന്നു (വാക്യം 24). എൻഏഎസിബിയിൽ ''അത് ഒരു നല്ല ആശയമാണ്'' എന്നാണ്.

V. വേദശാസ്ത്രപരമായ ഏന്ദുമുട്ടൽ (18:25–29)

- ഏ. ആദ്യമായി ഏലിയാവ് ബാലിന്റെ പ്രവാചകന്മാരോട് സംസാരിക്കുന്നു (വാക്യം 25).
    1. താൻ മുന്നോട്ടു വെച്ച *ആശയം* ന്യായമായതാണോ എന്ന് അവരോടാരാഞ്ഞില്ല; അവൻ അവരോട് *കൽപിക്ക*യായിരുന്നു.
    2. ജനത്തിന്റെ മുൻപിൽ വെച്ച് അവർ അതു ചെയ്യുകയോ അല്ലെങ്കിൽ തെന്ദു സമ്മതിക്കുകയോ വേണമായിരുന്നു.
- ബി. വാക്യം 26 മുതൽ 29 വരെ നാം കാണുന്നത്, വ്യർത്ഥമതത്തിലെ അപശബ്ദങ്ങളും വേദനാ പൂർവ്വമായ കോപവുമായിരുന്നു.
    1. പലരും പ്രദർശനത്തിൽ സംപ്രീതരാകുന്നു, അല്ലെങ്കിൽ ഉന്മാദത്തിലും, വീര്യത്തിലും. അടുത്ത ആറേഴ് വർഷം ബാലിന്റെ പ്രവാചകന്മാർ സജീവ പ്രവർത്തനങ്ങളിലും പ്രദർശനങ്ങളിലുമായിരുന്നു!
    2. ഏലിയാവിന്റെ പരിഹാസത്തിന് രണ്ടുദ്ദേശമുണ്ടായിരുന്നു (വാക്യം 27).
        - ഏ. അന്യമതങ്ങളുടെ ബലഹീനത അവൻ കാണിക്കുന്നു.
        - ബി. പ്രവാചകന്മാരുടെ വിഡ്ഢിത്ത പ്രവൃത്തികളാൽ ജനം കുടുങ്ങാതിരിക്കേണ്ടതിന് അവൻ കാലേകൂട്ടി തടയുന്നു.

VI. നിർണ്ണായകമായ ഏന്ദുമുട്ടൽ (18:30–35)

- ഏ. ഇനി ഏലിയാവിന്റെ ഊഴമായിരുന്നു. അവൻ ആളുകളെ കൂട്ടി

വരുത്തി അവരുമായി വീണ്ടും ഏന്തുമുട്ടുന്നു.

ബി. ഇടിഞ്ഞുകിടന്ന യഹോവയുടെ യാഗപീഠം അവൻ പുതുക്കി പ ണിതു.

സി. അവൻ യാഗം ഒരുക്കി വീണ്ടും വീണ്ടും നനച്ചു, അത് സൂത്ര മല്ലെന്നു തെളിയിക്കുന്നതിനായിരുന്നു. (അടുത്ത നദിയിൽ ധാരാളം വെള്ളം ഉണ്ടായിരുന്നു.)

ഡി. തീരുമാനം എടുക്കുവാൻ അവൻ ആളുകളെ ഒരുക്കി.

VII. പ്രാർത്ഥനയോടുകൂടിയ ഏന്തുമുട്ടൽ (18:36–39)

എ. ഏലിയാവ് വീണ്ടും ദൈവമുമ്പാകെ നിന്നു. ബാലിന്റെ പ്ര വാച കന്മാർ ആറേഴു മണിക്കൂർ നിലവിളിച്ചു. ഏലിയാവിന്റെ ലളിതമായ പ്രാർത്ഥന രണ്ടു വാക്യങ്ങളിലൊതുങ്ങി (വാക്യങ്ങൾ 36, 37).

ബി. സ്വർഗത്തിൽനിന്നു തീ ഇറങ്ങി യാഗവും മണ്ണും, കല്ലും, വെള്ളവും ദഹിപ്പിച്ചു (വാക്യം 38)!

സി. വർഷങ്ങൾക്കുശേഷം ജനത്തിന്റെ വായിൽനിന്നു യഹോ വയുടെ നാമം ഉച്ചരിക്കപ്പെട്ടു (വാക്യം 39)!

VIII. പ്രായോഗികമായ ഏന്തുമുട്ടൽ (18:40)

ഏ. ബാലിന്റെ പ്രവാചകന്മാരെ എല്ലാം കൊന്നുകളഞ്ഞു.

ബി. ദേശത്തെ ആത്മിയ രോഗത്തിനു ശസ്ത്രക്രിയ ആവശ്യമായി രുന്നു: *എല്ലാറ്റിനേയും*; ഒന്നിനേയും വിട്ടുകളയരുത്!

ഉപസംഹാരം

ഏ. ഇന്നും അത്തരം പല സംഘങ്ങളുണ്ട്:

1. ഏലിയാവിനെ പോലെയുള്ളവർ: ദൈവേഷ്ടം ചെയ്യുവാൻ പൂർണ്ണമായി സമർപ്പിക്കപ്പെട്ടവർ.
2. ബാലിന്റെ പ്രവാചകന്മാരെ പോലെയുള്ളവർ: അനീതിക്കു സമർപ്പിക്കപ്പെട്ടവരും പാപത്താൽ ഹൃദയം കഠിനപ്പെട്ടവരും.
3. യിസ്രായേൽ മക്കളെ പോലെയുള്ളവർ: വിഭജിക്കപ്പെട്ടവ രുമായി സഖ്യമുണ്ടാക്കുന്നവർ, ‘‘രണ്ടു തോണിയിൽ കാൽ വെക്കുന്ന വർ’’ (കെജെവി).

ബി. നാം നമ്മെ കാണുന്നത് യിസ്രായേൽ മക്കളെ പോലെ ആയിരി ക്കാം. അങ്ങനെയെങ്കിൽ, ഈ പാഠം നമുക്ക് ഒരു പ്രത്യേക സന്ദേശം നൽകുന്നു.

1. ക്രിസ്ത്യാനികളായതുകൊണ്ട്, നാം കർത്താവിന്നു നമ്മെ ത്തന്നെ പൂർണ്ണമായി സമർപ്പിക്കണം!
2. നമ്മെ ബോധ്യപ്പെടുത്തുവാൻ തീ ഒന്നും ഇറങ്ങി വരിക യില്ല, എന്നാൽ തീ പോലെയുള്ള ദൈവവചനം നമുക്കുണ്ട് (യിരെമ്യാവ് 5:14; 23:29); അത് ശക്തമാണ്! റോമർ 1:16 പ റയുന്നു, അത് ‘‘വിശ്വസിക്കുന്നവർക്ക് രക്ഷക്കുള്ള ദൈവശ ക്തിയാകുന്നു.’’
3. ദൈവം ഇപ്പോഴും *സമർപ്പിക്കപ്പെട്ട* ആളുകളെ നോക്കുന്നു.

## ഓബദ്യാവ് (18:3-16)

ഒന്നു രാജാക്കന്മാർ 18:3–16–ൽ ഏലിയാവിന്റെയും ബാലിന്റെ പ്രവാചകന്മാരുടേയും സംഭവത്തിൽ ഒരു പ്രസംഗവാക്യമുണ്ട്. കൂടുതൽ അറിയണമെന്ന് നാം ആഗ്രഹിക്കുന്ന ഒരു മനുഷ്യനെ അവിടെ പറയുന്നു: ഓബദ്യാവ്.

''ഓബദ്യാവ്'' എന്നാൽ ''കർത്താവിന്റെ ദാസൻ'' എന്നാണ് അർത്ഥം. ബൈബിളിൽ ഓബദ്യാവ്മാർ പലരുണ്ട്. ഒരദ്ധ്യായം മാത്രമുള്ള പഴയനിയമത്തിലെ ''ഓബദ്യാവ്'' എന്ന പുസ്തകം എഴുതിയത് ഇദ്ദേഹമായിരുന്നു എന്ന് ചിലർ കരുതുന്നു. അത്, ഉറപ്പിക്കുവാൻ നമുക്ക് സാധ്യമല്ല, എന്നാൽ അവനെ കുറിച്ചു വളരെ കുറച്ചുമാത്രമുള്ള അറിവ് നമ്മെ ചിന്തി–പ്പിക്കുന്നതാണ്.

(1) അവൻ ''ദൈവത്തെ അതിയായി ഭയപ്പെട്ടിരുന്നു'' (വാക്യം 3). വിശ്വാസത്യാഗം സംഭവിച്ച വടക്കേ യിസ്രായേലിൽ അപ്പോഴും വിശ്വാസകിരണങ്ങൾ നിലനിന്നിരുന്നു.

(2) വ്യക്തിപരമായ സാഹസം പരിഗണിച്ചുകൊണ്ടു തന്നെ, അവൻ വിശ്വാസം സൂക്ഷിപ്പാൻ പരിശ്രമിച്ചിരുന്നു. ''ഈസെബേൽ ദൈവത്തിന്റെ പ്രവാചകന്മാരെ നശിപ്പിച്ചപ്പോൾ, ... ദൈവത്തിന്റെ നൂറു പ്രവാചകന്മാരെ അമ്പതു വീതം ഗുഹയിൽ ഒളിപ്പിച്ചു അവർക്ക് അപ്പവും വെള്ളവും എത്തിച്ചുകൊടുത്തു'' (വാക്യം 4). അപകടങ്ങളിൽനിന്നു മനുഉള്ളവരെ അവരുടെ പ്രാണൻ രക്ഷിച്ച വീരനായകന്മാരായിരുന്ന സ്ത്രീ പുരുഷന്മാരെ ഓർപ്പിച്ച് നമ്മോട് സംസാരിച്ചിട്ടുണ്ട്.

ഏലിയാവിന്റേതിൽനിന്നു വ്യത്യസ്തമായിട്ടായരുന്നു ഓബദ്യാവ് പ്രശ്നത്തെ സമീപിച്ചിരുന്നത്. ഏലിയാവ് പ്രശ്നങ്ങൾ തന്റെ തലയിൽ കൊണ്ടുനടന്നു നേരിടുന്നതായിട്ടാണ് നമ്മുടെ പരമ്പരയിൽ നാം കാണുന്നത്. എങ്ങനെയായാലും, ഓബദ്യാവിന്റെ സംഭാവന അപ്രസക്തമായിരുന്നു എന്ന് ആർക്കു പറയുവാൻ കഴിയും? സാധാരണ ഒരു പ്രശ്നം കൈകാര്യം ചെയ്യുവാൻ ഒന്നിലധികം മാർഗങ്ങളുണ്ട്. ഓരോ സമീപനത്തിനും ചിലതു പറയുവാനുണ്ട്.

(3) ഒരു പൊതു പ്രവർത്തകന്റെ ഉത്തരവാദിത്തത്തോടുകൂടി ഓബദ്യാവ് തന്റെ വിശ്വാസം നിലനിർത്തി – ദൈവമില്ലാത്ത ഗവൺമെന്റിനെ സേവിച്ച്. അവൻ ''ആഹാബിന്റെ ഗൃഹവിചാരകനായിരുന്നു'' (വാക്യം 3). തനിക്കും ഓബദ്യാവിനും ഇടക്ക് ആഹാബ് ദേശത്തെ ഭാഗിച്ചത് (വാക്യം 6 നോക്കുക) അവന് ഓബദ്യാവിലുള്ള വിശ്വാസത്തെയാണ് കാണിക്കുന്നത്. ആഹാബിന്റെ കാലമായപ്പോഴേക്കും, രാജാവിന്റെ വിചാരകൻ, രാജാവിന് ഉപദേഷ്ടാവായും സേവിക്കുവാൻ തുടങ്ങിയിരുന്നു.

ആ സ്ഥാനത്തേക്ക് ആഹാബ് ഓബദ്യാവിനെ തിരഞ്ഞെടുക്കുവാനുള്ള കാരണം, ആഹാബിന് ഓബദ്യാവിന്റെ വിശ്വാസം അറിയാതെയല്ല, പിന്നെയോ അവന് യഹോവയിലുള്ള വിശ്വാസം നിമിത്തമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. അവൻ പ്രവാചകന്മാരെ ഒളിപ്പിച്ചു വെച്ചത് ഈസെബേലിന്റെ ഭർത്താവിനോട് പറഞ്ഞിരിക്കയില്ല. അവൻ യഹോവയിലുള്ള വിശ്വാസം രഹസ്യമായി സൂക്ഷിച്ചിരുന്നു എന്നു വിശ്വസിക്കുവാൻ കാരണമൊന്നുമില്ല. ആഹാബിന്റെ പശ്ചാത്തലം നോക്കിയാൽ, യഹോവയിൽ വിശ്വാസം അർപ്പിച്ച ഒരാളെ എല്ലാം വിശ്വാസത്തോടെ ഏൽപിച്ചുകൊടുക്കാമെന്ന് ആഹാബ് വിചാരിച്ചുകാണും. ഇന്നും അവിശ്വസ്തരായ ആളുകൾ തങ്ങളുടെ കാര്യനിർവ്വഹണത്തിനായി സത്യസന്ധരെയാണ് നിയോഗിക്കുന്നത്.

ആഹാബിന്റെ ഭവനത്തിന്റെ കാര്യവിചാരകനായി ഓബദ്യാവിനെ നിയമിച്ചതിനെ കുറിച്ച് ക്ലൈഡ് മില്ലറുടെ പ്രസ്താവന എനിക്ക് ഇഷ്ടമാണ്: ‘‘ഓബദ്യാവ്, ദാനിയേൽ, നെഹമ്യാവ് തുടങ്ങിയവർ കാണിച്ചുതരുന്നത്, ഗവൺമെന്റിലെ ഒരു മനുഷ്യന്റെ ദാസനായിരിക്കുമ്പോൾ തന്നെ വിശ്വസ്തനായ കർത്താവിന്റെ ദാസനും ആകാം എന്നാണ്.’’[1]

---

കുറിപ്പ്

[1]ക്ലൈഡ് മില്ലർ, *ഫസ്റ്റ് ആന്റ് സെക്കന്റ് കിങ്സ്*, ലിവിങ് വേഡ് കമെന്ററി (അബിലിൻ, ടെക്സ്: ഏ. സി. യു പ്രസ്, 1991), 7:268.